ഉത്തരം

(എ) നിലവിലില്ല.

(ബി) തീരുമാനിച്ചിട്ടില്ല.

(സി & ഡി) ബാധകമല്ല.

(ഇ) രാസപ്രക്രീയയ്ക്ക് വിധേയമാക്കിയ റബ്ബർ മരത്തിന്റെ നികുതി 4% മായി കുറച്ചിട്ടുണ്ട്. പാക്കിംഗ് കെയ്സ്, തീപ്പെട്ടി തുടങ്ങിയവ ഉണ്ടാക്കാനുപ യോഗിക്കുന്ന പാഴ്മരങ്ങളുടെ പർച്ചേഴ്സ് ടാക്സും 4 ശതമാനമാക്കിയിട്ടുണ്ട്.

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ്

33 (2746) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരിന്റെ സ്വയംഭരണ സ്ഥാപനമായ സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആയി രൂപാന്തരപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പ് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത തുക സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസിന്റെ അക്കൗണ്ടിൽ ചേർത്തിട്ടുണ്ടോ ;

(സി) ഈ തുക ഉപയുക്തമാക്കി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി &ഡി) സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആയി മാറ്റുന്നതിനുള്ള തീരുമാനം ന്യൂഡൽഹി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന എൽ.ഐ.പി.എഫ്.പി. യുമായി ആലോചിച്ചുവെങ്കിലും അംഗീകാരം ലഭിക്കാത്തതിനാൽ പ്രായോഗിക നടപടികളിലേയ്ക്ക് നീങ്ങിയിട്ടില്ല.

കായംകുളം മണ്ഡലത്തിലെ ട്രഷറികൾ

34 (2747) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽ മുതുകുളത്ത് പ്രവർത്തിക്കുന്ന ഏകാംഗ ട്രഷറി എത്രയും വേഗം സബ് ട്രഷറിയാക്കാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കാര്യത്തിൽ സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) മാന്നാറിലും പൂച്ചാക്കലും സബ് ട്രഷറികൾ ആരംഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്നാണ് അവ തുറന്ന് പ്രവർത്തനമാരംഭിച്ചത് ;

(ഇ) ആ കൂട്ടത്തിൽ മുതുകുളത്ത് സബ് ട്രഷറി അനുവദിക്കാതിരുന്നത് എന്തുകൊണ്ടാണ് :

(എഫ്) കായംകുളത്ത് മൂന്ന് വർഷം മുമ്പ് ആരംഭിച്ച കൃഷ്ണപുരം, കണ്ണല്ലൂർ, പത്തിയൂർ എന്നിവിടങ്ങളിലെ ഏകാംഗ ട്രഷറികൾ ഇനിയും ആരംഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഈ ഏകാംഗട്രഷറികൾ ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ട്രഷറി കംമ്പ്യൂട്ടറൈസേഷൻ പൂർത്തിയായതിനുശേഷം ഇതിൽ യുക്തമായ തീരുമാനം എടുക്കുന്നതാണ്.

(സി & ഡി) 25-2-2000 പൂച്ചാക്കലിൽ സബ് ട്രഷറി ആരംഭിച്ചു. മാന്നാറിൽ ആരംഭിച്ചിട്ടില്ല.

(ഇ) ഭരണപരമായ സൗകര്യം കണക്കിലെടുത്താണ് പുതിയ സബ് ട്രഷറികൾ അനുവദിക്കുന്നത്.

(എഫ് & ജി) 25-8-1998-ൽ ധനകാര്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ എടുത്ത തീരുമാനപ്രകാരം കംപ്യൂട്ടറൈസേഷൻ പൂർത്തിയായതിനുശേഷം യുക്തമായ തീരുമാനം എടുക്കുന്നതാണ്.

ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് പുനഃസംഘടന

35 (2748) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1994-ലെ ലോക്കൽഫണ്ട് ഓഡിറ്റ് നിയമം അനുസരിച്ച് ഓഡിറ്റ് വകുപ്പ് പുനഃസംഘടിപ്പിക്കാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നുവോ ;

(ബി) എങ്കിൽ പുനഃസംഘടനാ പ്രൊപ്പോസൽ ഡയറക്ടർ എന്നാണ് ഗവൺമെന്റിന് സമർപ്പിച്ചത്; ഇതിന്മേൽ എന്തു നടപടി കൈക്കൊണ്ടു ;

(സി) ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എത്ര തസ്തികകളാണ് അധികമായി പുനഃസംഘടനാ പ്രൊപ്പോസലിൽ ആവശ്യപ്പെട്ടിരുന്നത് ;

(ഡി) വകുപ്പ് പുനഃസംഘടന നടക്കാത്തതിനാൽ ഓഡിറ്റ് കുടിശ്ശികയാകുന്നതുമൂലം ക്രമക്കേടുകൾ യഥാസമയം കണ്ടുപിടിക്കാതെ പോകുന്നതിനാലും ക്രമക്കേടുകൾ നടന്ന് 4 വർഷം കഴിഞ്ഞാൽ ഇതിന്

LIBRARY ARCHIVES Kerala Legislative Assembly